LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, സാമ്പത്തിക സഹായം കൊടുക്കുന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. സ്പോർട്സിന് കൂടുതൽ പ്രാധാന്യം കൊടുത്തു കൊണ്ടാണ് കേരളോത്സവം പോലുള്ള പരിപാടികൾ നടത്തുന്നത്.

ശ്രീ. ബി. സത്യൻ: സർ, പോളിടെക്നിക്കുകളുമായി ബന്ധപ്പെട്ട് പുതിയൊരു കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കോളേജുകൾ എന്നാണ് അതിന് പേര് നൽകിയിരിക്കുന്നത്. അതുപോലെ ഐ.ടി.ഐ./പോളിടെക്നിക്ക് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക പരിശീലനപരിപാടി നടത്താൻ കഴിയുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഡിപ്പാർട്ടുമെന്റ് ഇതുപോലുള്ള പരിപാടികൾ നടത്തുന്നുണ്ടെങ്കിലും തീർച്ചയായും ഇക്കാര്യം പരിശോധിക്കാം.

മി.സ്പീക്കർ: ഓർഡർ..... ഓർഡർ.....

(ചോദ്യോത്തരസമയം കഴിഞ്ഞു.)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഉദയ്) പദ്ധതി

3(*183) ശ്രീ. വി. ശശി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ കമ്പനികളുടെ സഞ്ചിത നഷ്ടത്തിന്റെ 75% സംസ്ഥാന സർക്കാരുകൾ ഏറ്റെടുത്ത് ഊർജ്ജ മേഖല കാര്യക്ഷമമാക്കണമെന്ന് നിഷ്കർഷിക്കുന്ന കേന്ദ്ര പദ്ധതിയായ ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഉദയ്) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി വിതരണ കമ്പനികളുടെ സഞ്ചിത നഷ്ടം എത്ര രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഡി) ഉദയ് പദ്ധതി നടപ്പാക്കുന്നതോടുകൂടി വൈദ്യുതി നിരക്ക് വർദ്ധിക്കാൻ സാദ്ധ്യതയുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല. സംസ്ഥാന ഉടമസ്ഥതയിലുള്ള വൈദ്യുത വിതരണ കമ്പനികളുടെ സാമ്പത്തികനിലയും പ്രവർത്തന മികവും മെച്ചപ്പെടുത്തുന്നത് ലക്ഷ്യംവച്ചുള്ള കേന്ദ്ര പദ്ധതിയായ 'ഉദയ് ' 20-11-2015-ൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടേയുള്ളൂ. പദ്ധതിയെക്കുറിച്ച് വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ സംസ്ഥാനത്ത് ആയത് നടപ്പാക്കാനാകുമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനാകുകയുള്ളൂ.

(ബി) ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്ത 2014-15 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സഞ്ചിത നഷ്ടം 1300.43 കോടി രൂപയാണ്.

(സി) ഇല്ല.

(ഡി) പ്രാരംഭ വിലയിരുത്തലിൽ വൈദ്യുതി നിരക്ക് വർദ്ധിക്കുന്ന പുതിയ നിർദ്ദേശങ്ങളൊന്നും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

സഹകരണ ബാങ്കുവായ്പ വ്യവസ്ഥകൾ

4(*184) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ അനുവദിക്കുന്ന കാര്യത്തിലും, തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്ന കാര്യത്തിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കുകളുടെ സൂക്ഷ്മതക്കുറവുമൂലം റിസ്ക് ഫണ്ട് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ മരണമടയുന്ന വായ്പക്കാരന്റെ കുടുംബത്തിന് ലഭിക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

LIBRARY ARCHIVES Kerala Legislative Assembly